# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2586**

**27.01.2014- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ ശമ്പളം നൽകാനും വർക്ക് ബില്ലുകളുടെ പേയ്മെന്റ് നൽകാനും സ്വീകരിച്ച നടപടി

**ചോദ്യം**

ശ്രീ. വി. പി. സജീന്ദ്രൻ :

(എ) 17.12.2013-ൽ സർക്കാർ ഉത്തരവിലൂടെ ഏറ്റെടുത്ത കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ 2014 ജനുവരി മാസംമുതൽ ശമ്പളം കൊടുക്കാനും നിർമ്മാണ പ്രവർത്തനങ്ങളുടെ വർക്ക് ബില്ലുകളുടെ പേയ്മെന്റ് കൊടുക്കാനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനുവേണ്ടി എന്ത് തുകയാണ് നടപ്പു സാമ്പത്തിക വർഷത്തിൽ ആവശ്യമായി വരുന്നത് ; അതിൽ എന്ത് തുക ഇതിനകം അനുവദിച്ചിട്ടുണ്ട് ; അനുവദിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ; ഇക്കാര്യങ്ങൾക്ക് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(സി) കൊച്ചി സഹകരണ മെഡിക്കൽ കോളേജിനുവേണ്ടി 'കേപ്പി'ൽ നിന്നും 17-12-2013-നുശേഷം തുടർന്നും പേയ്മെന്റ് നടത്തണമെന്ന് ഉത്തരവായിട്ടുണ്ടോ ; ഇതിനുവേണ്ടി 'കേപ്പി'ൽ നിന്നും അനുവദിക്കുന്ന തുക 'കേപ്പി'ന് തിരികെ കൊടുക്കുമോ ;

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

**(എ) & (ബി)**
കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. എന്നാൽ 31.3.14 വരെ നിലവിലെ സ്ഥിതി തുടരുന്നതിന് 25.01.14-ലെ സ.ഉ.(സാധാ) നം. 291/ 2014/ ആ.കു.വ. ഉത്തരവ് പ്രകാരം 'കേപ്പ്'-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊച്ചി മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന പ്രക്രിയ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കൊച്ചി മെഡിക്കൽ ഡയറക്ടറായ **Dr.** ജുനൈദ് റഹ്മാനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. അനുവദിക്കുന്ന തുക തിരികെ നൽകുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ഡി) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ നടത്തിപ്പിനുവേണ്ടി പ്രസ്തുത കോളേജ് എറണാകുളം ജില്ലാ ബാങ്കിൽ ഈടുവച്ച് എത്ര രൂപയാണ് ഓവർ ഡ്രാഫ്റ്റായി 'കേപ്പ്' എടുത്തിട്ടുള്ളത് ; ഈ ബാധ്യത തീർക്കാൻ എന്ത് നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വിശദമാക്കുമോ ?

(ഡി) കേപ്പിന് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും കൊച്ചിൻ മെഡിക്കൽ കോളേജിന്റെ ആസ്തി ഈടുവച്ച് അനുവദിച്ചിട്ടുള്ള ഓവർ ഡ്രാഫ്റ്റിന്റെ പരിധി 76 കോടി രൂപയാണ്. ആയതിൽ കൊച്ചി മെഡിക്കൽ കോളേജിന്റെ നടത്തിപ്പടക്കം 47.70 കോടി രൂപ 01.12.2013 വരെ കേപ്പ് എടുത്തിട്ടുണ്ട്. 17.02.2013-ലെ സ.ഉ.(കൈ) നം. 488/ 2013/ആ.കു.വ. പ്രകാരം നിലവിലുള്ള ആസ്തി ബാദ്ധ്യതകളോടെ കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തുകൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ